വിദ്യാഭ്യാസ അവകാശം
സർവ ശിക്ഷാ അഭിയാൻ
സർവരും പഠിക്കുക സർവരും വളരുക

# സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കാര്യാലയം

എസ്.എസ്.എ.ഭവൻ, നന്ദാവനം, തിരുവനന്തപുരം - 695 033, കേരളം
ഫോൺ : 0471-2320826, 2320352 ഫാക്സ് : 0471-2320703
ഇ-മെയിൽ : ssakerala@gmail.com വെബ്സൈറ്റ് : www.keralassa.org

നം. പി -1/1765/2016/SSA തിയതി : 17.06.2016

*പ്രേഷിതൻ*

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ [I/c]
എസ്.എസ്.എ. കേരളം

*സ്വീകർത്താവ്*

എല്ലാ ജില്ലാ പ്രോജക്ട് ഓഫീസർമാർക്കും

സർ,

വിഷയം : സർവ്വശിക്ഷാഅഭിയാൻ - വായനാദിനത്തോടനുബന്ധിച്ച് ബഹു.വിദ്യാഭ്യാസ മന്ത്രിയുടെ വായനാദിന സന്ദേശം നൽകുന്നതു - സംബന്ധിച്ച് :

ജൂൺ 19 വായനാദിനത്തോടനുബന്ധിച്ച് വിദ്യാലയങ്ങൾക്ക് നൽകുന്നതിനായി ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ വായനാദിന സന്ദേശം ഇതോടൊന്നിച്ച് അയക്കുന്നു. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പ്രസ്തുത സന്ദേശം വായിക്കുന്നതിനായി ആവശ്യമുള്ള നടപടികൾ ഇന്നുതന്നെ സ്വീകരിക്കേണ്ടതാണ്. ജൂൺ 19 ഞായറാഴ്ചയായതിനാൽ അടുത്ത പ്രവൃത്തി ദിവസമായ ജൂൺ 20 ന് വായനാദിനസന്ദേശം സ്കൂൾ അസംബ്ലിയിൽ കുട്ടികൾക്കായി നൽകേണ്ടതാണ്. തുടർന്ന് ഒരാഴ്ചക്കാലം വായനാവാരമായി ആചരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ [I/c]

RKB

# വായനാദിന സന്ദേശം

**വായന അനുഭവമാകണം –**

## മാനവരാശിയുടെ വളർച്ചയിലെ നന്മനിറഞ്ഞ സാന്നിധ്യമാണ് വായന

പ്രൊഫ. സി.രവീന്ദ്രനാഥ്
വിദ്യാഭ്യാസ വകുപ്പുമന്ത്രി

ജൂൺ 19 വായനാദിനമായി നാം ആചരിക്കുന്നു. ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ അമരക്കാരനായിരുന്ന ശ്രീ.പി.എൻ.പണിക്കരുടെ സ്മരണാർത്ഥമാണ് വായനാദിനം ആചരിക്കപ്പെടുന്നത്. വായന ഒരു അനുഭവമാണ്, അനുഭൂതിയാണ്. കണ്ണും കാതും തുറന്നു വച്ചാൽ ഈ പ്രപഞ്ചത്തിൽ നിന്ന് നമുക്കു പലതും വായിച്ചെടുക്കാം. പ്രകൃതിതന്നെ ഒരു തുറന്ന പാഠപുസ്തകമാണ്. വായിക്കാനുള്ള ക്ഷമയും ക്ഷമതയുമാണ് ഓരോ വിദ്യാർത്ഥിക്കും വേണ്ടത്.

പുസ്തക വായന മനുഷ്യന്റെ ബുദ്ധിയെയും ചിന്തയെയും തെളിച്ചമുള്ളതാക്കിതീർക്കുന്നു. വായനയിലൂടെ നാം അറിവു നേടുമ്പോൾ മനസ്സിന്റെ വേലിക്കെട്ടുകൾ ഓരോന്നായി അഴിയുന്നു. അത്യന്തം ബൃഹത്തും വൈവിധ്യപൂർണ്ണവുമായ ഈ ലോകത്തിന്റെ വിശാലത ഉൾക്കൊള്ളാൻ പാകത്തിൽ നമ്മുടെ ഹൃദയവും വിശാലമാകുന്നത് നമുക്ക് അനുഭവിക്കാനാകും. ഇത് ധ്യാനപൂർണ്ണമായ വായനയിലൂടെ കൈവരുന്ന നേട്ടമാണ്.

ഗുരുക്കന്മാരെപോലെ അറിവു പകർന്നുനൽകുന്ന നിധി ശേഖരങ്ങളാണു ഗ്രന്ഥങ്ങൾ അഥവാ പുസ്തകങ്ങൾ. പൂർവ്വികർ തങ്ങളുടെ ബുദ്ധിയിൽ തെളിഞ്ഞുകിട്ടിയ സത്യങ്ങൾ പകർത്തി സൂക്ഷിച്ചിരുന്നത് താളിയോലകളിലായിരുന്നു. ഇന്ന് നമ്മുടെ കയ്യെത്തും ദൂരത്താണ് പുസ്തകപ്രപഞ്ചം. ഏതു വേണമെന്നു തിരഞ്ഞെടുക്കുകയേ വേണ്ടൂ. അന്നും ഇന്നും വായന മനുഷ്യന്റെ ആത്മാവിനോടു ചേർന്നു

നിന്നു. മാനവരാശിയുടെ എക്കാലത്തെയും വളർച്ചയിലെയും ഉയർച്ചയിലെയും നന്മ നിറഞ്ഞ സാന്നിധ്യമാണു വായന.

കാമ്പസ് ഒരു പാഠപുസ്തകം എന്ന ചിന്ത ഓരോ വിദ്യാർത്ഥിയും ഉൾക്കൊള്ളേണ്ടതുണ്ട്. ജീവിതായോധനത്തിനു നമ്മെ പ്രാപ്തരാക്കാൻ വേണ്ട എല്ലാ കഴിവുകളും രൂപപ്പെടുന്നത് വിദ്യാഭ്യാസ കാലഘട്ടത്തിലാണ്. സ്വഭാവ രൂപീകരണമാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യമെന്നു നാം പറയാറുള്ളത് അതുകൊണ്ടാണ്. സഹജീവിയെ അറിയാനും സമൂഹത്തെ മനസ്സിലാക്കാനും നന്മതിന്മകൾ വേർതിരിച്ചറിയാനും എല്ലാം നാം പഠിക്കുന്നത് ഈ വിദ്യാലയ ജീവിതത്തിലാണ്. ഇവിടെയെല്ലാം വായന നമുക്കു തുണയാകുന്നു. സ്വയം നവീകരണത്തിനും സാമൂഹ്യപരിവർത്തനത്തിനും, വായനയോളം ഊർജ്ജം പകരുന്ന മറ്റൊരു മാധ്യമമില്ല.

അറിവിന്റെ പ്രകാശ ലോകത്തേക്കാണ് വായന നമ്മെ കൊണ്ടുപോകുന്നത്. അറിവ് ശക്തമായ ആയുധമാണ്. എല്ലാ അതിർവരമ്പുകളെയും വേലിക്കെട്ടുകളെയും ഭേദിക്കാനും മനുഷ്യഹൃദയങ്ങളെ തൊട്ടുണർത്താനും, തലോടാനും വാക്കുകൾക്കു കഴിയും. മാത്രമല്ല, ഒരു കത്തികൊണ്ടെന്നപോലെ കീറിമുറിക്കാനും വാക്കുകൾക്കു ശക്തിയുണ്ട്. തൊടുത്ത ശരവും പറഞ്ഞ വാക്കും തിരിച്ചെടുക്കാനാവില്ലെന്ന് പഴമക്കാർ പറഞ്ഞിട്ടുള്ളത് ആലോചനാപൂർവ്വം വാക്കുകൾ ഉപയോഗിക്കേണ്ടതാണെന്നു നമ്മെ ഓർമ്മിപ്പിക്കാനാണ്. നല്ല വാക്കു പറയാൻ നമുക്കു കഴിയണം. അതിനു വായന കൂടിയേ തീരൂ.

ഒരു നാടിന്റെ സാംസ്കാരിക പ്രതീകങ്ങളാണ് അവിടുത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. അറിവിന്റെ പ്രകാശ ഗോപുരങ്ങൾ! പാഠപുസ്തകങ്ങൾക്കൊപ്പം അജ്ഞാനമാകുന്ന അന്ധകാരം നീക്കാനുതകുന്ന വിജ്ഞാനശേഖരങ്ങൾ വിദ്യാലയത്തിലുണ്ടാകണം. സുസജ്ജമായ വായനശാലകൾ ഓരോ വിദ്യാലയവും ഒരുക്കേണ്ടതുണ്ട്. ഒഴിവുസമയങ്ങളിൽ കുട്ടി പുസ്തകങ്ങളെ പരിചയപ്പെടട്ടെ. നല്ല പുസ്തകങ്ങൾ തിരഞ്ഞെടുക്കാൻ അധ്യാപകർ കുട്ടികളെ സഹായിക്കണം. അധ്യാപകരും വായന ശീലമാക്കേണ്ടതുണ്ട്. കുട്ടികളെ വായനയുടെ ലോകത്തേക്ക് കൂട്ടിക്കൊണ്ടുപോകാനും അവരുടെ ചിന്തകൾക്ക് ചിറകുകളേകാനും അധ്യാപകനു കഴിയണം. പിൽക്കാലത്ത് ഗുരുവിന്റെ കാരുണ്യവും അക്ഷരങ്ങളുടെ ശക്തിയും

നന്മയുടെ ജീവിതപാഠങ്ങളായി അവനു കരുത്തുപകരും. ഈ ഒരു തിരിച്ചറിവാണ് വായനാദിനത്തിൽ നാം ഉൾക്കൊള്ളേണ്ടത്.

മനസ്സും ബുദ്ധിയും നവീകരിക്കാനും ഏകാന്തതയെ അർത്ഥപൂർണ്ണമാക്കാനും പുസ്തകങ്ങൾക്കു കഴിയും. വായന ഇല്ലാതായാൽ മനസ്സ് സങ്കുചിതമാവും. ഇത് വ്യക്തിയെ മാത്രമല്ല, കുടുംബത്തെയും സമൂഹത്തെയും ദോഷകരമായി ബാധിക്കും. നാം വിഭാവനം ചെയ്യുന്ന മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിൽ വായനയുടെ പങ്ക് വളരെ വലുതാണ്. വായന നമ്മുടെ സംസ്കാരമാകണം, ശീലമാകണം. ഒരുവന്റെ ഏറ്റവും അടുത്ത സുഹൃത്താണു പുസ്തകങ്ങൾ. ശരീരത്തിനു ഭക്ഷണമെന്നപോലെ മനസ്സിന് വായനയും അത്യാന്താപേക്ഷിതമാണ്. സാങ്കേതിക വിദ്യയുടെ കടന്നുകയറ്റമോ ദൃശ്യ ശ്രാവ്യ മാധ്യമങ്ങളുടെ അതിപ്രസരമോ ഒന്നും വായനയെ ബാധിക്കാൻ പാടില്ല.

ഇതിഹാസങ്ങളും പുരാണങ്ങളും, കഥ, കവിത, നോവൽ തുടങ്ങിയ എല്ലാ സാഹിത്യരൂപങ്ങളും കുട്ടികൾ ചെറുപ്പം മുതലേ അറിഞ്ഞിരിക്കണം. മനുഷ്യരാശി ക്കുപകാരപ്രദമായ ജീവിത സന്ദേശങ്ങൾ ഇവയിൽ ഒളിഞ്ഞിരിക്കുന്നു. അവ കണ്ടെ ത്തുക അനുഭവവേദ്യമാക്കുക എന്നതാണ് ഒരു നല്ല വായനക്കാരന്റെ കർത്തവ്യം. നാം കണ്ടിട്ടുള്ള പ്രഗത്ഭമതികളായ രാഷ്ട്രമീമാംസകരും സാമൂഹ്യപരിഷ്കർത്താ ക്കളും കവികളും കലാകാരന്മാരും എല്ലാം അക്ഷരങ്ങളെ സ്നേഹിച്ചവരാണ്. വായന അവർക്ക് പ്രാണവായുപോലെ ആണ്. നമ്മുടെ രാജ്യത്തെ പ്രഗത്ഭമതികളെ അറിഞ്ഞുവേണം നമ്മുടെ തലമുറ വളരേണ്ടത്.

ജീവിതകാലം മുഴുവൻ, നമ്മുടെ മനസ്സും ബുദ്ധിയും ഇന്ദ്രിയങ്ങളും പ്രവർത്തിക്കുന്ന കാലത്തോളം പുസ്തകങ്ങളെ നമുക്കു കൂടെ കൂട്ടാം. വിദ്യാർത്ഥി യുടെ ഉള്ളിന്റെയുള്ളിൽ അറിവിന്റെ അഗ്നി ജ്വലിക്കുമ്പോഴാണ് വിദ്യാഭ്യാസം ഗുണ മേന്മയുള്ളതാകുന്നത്. നല്ല പുസ്തകങ്ങളാണ് ഏറ്റവും നല്ല ചങ്ങാതിമാർ. വിദ്യാലയം തന്നെ ഒരു പാഠപുസ്തകമായി സ്വീകരിച്ച് അക്ഷരങ്ങളുടെ ലോകത്തു ചുവടുറപ്പിച്ച് അറിവിന്റെ ചക്രവാളങ്ങൾ തേടിയുള്ള ഈ യാത്രയിൽ എല്ലാ കൂട്ടുകാർക്കും ഭാവുകങ്ങൾ നേരുന്നു! ഒരു നല്ല വായനാദിനം ആശംസിക്കുന്നു.

നം. ക്യൂ.ഐ.പി 2/39968/2016/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി- 16/06/2016

# സർക്കുലർ

വിഷയം:- പൊ.വി.- വായന വാരാഘോഷം - 2016-17 -സംബന്ധിച്ച്.

സൂചന:- എസ്.എസ്.എ ഡയറക്ടറുടെ 16.06.2016 ലെ നം. പി.3/1758/2016 പ്രകാരമുള്ള കത്ത്.

2016-17 അധ്യയന വർഷത്തെ വായനാവാരാചരണത്തിന്റെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലെയും വായന ശീലമാക്കേണ്ടതിന്റെ ആവശ്യകതയും മഹത്വത്തെയും കുറിച്ച് അധ്യാപകർ കുട്ടികൾക്ക് ലളിതമായ രീതിയിൽ പ്രഭാഷണങ്ങൾ നടത്തേണ്ടതും ഇതോടനുബന്ധിച്ച് ജൂൺ 20 മുതൽ 27 വരെ തീയതികളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ സംസ്ഥാനത്തിലെ എല്ലാ വിദ്യാലയങ്ങളിലും അറിയിക്കുന്നതിനായി എസ്.എസ്.എ തയ്യാറാക്കിയ മാർഗരേഖകളും അനുബന്ധ നിർദ്ദേശങ്ങളും ചുവടെ നൽകുന്നു. ഓരോ കുട്ടിക്കും അനുഭവവേദ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണഘട്ടത്തിലാണെന്ന് അറിയാൻ കഴിഞ്ഞു. ആ പ്രവർത്തനങ്ങൾക്ക് കുറച്ചു കൂടി സൂക്ഷ്മതലം ഉണ്ടാകുന്നതിനുള്ള നിർദ്ദേശങ്ങളാണ് താഴെ നൽകുന്നത്. ഡയറ്റ്, ആർ.എം.എസ്.എ പങ്കാളിത്തം ഉറപ്പാക്കി ഈ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കേണ്ടതാണ്.

- ഇന്നവേറ്റീവ് ഹെഡിൽ നടപ്പിലാക്കാനുള്ള ഒരു പ്രവർത്തനമാണ് 'ക്ലാസ്മുറിയിലും റീഡിംഗ് ക്ലബ്'. ആയതിന്റെ രൂപീകരണം.
- എൽ.ഇ.പി. ഹെഡിൽ ഈ വർഷത്തേക്ക് അച്ചടിച്ച റീഡിംഗ് കാർഡുകളുടെ പ്രകാശനം. ഈ രണ്ടു പ്രവർത്തനങ്ങളും വായനാവാരത്തോടനുബന്ധിച്ച് നടത്തേണ്ടതാണ്.

ജൂൺ-20: വായനാ ദിനാചരണം പ്രവർത്തനം- വായനാ സന്ദേശം, വായന പ്രതിജ്ഞ

ജൂൺ-21: സ്കൂളിൽ പുസ്തകപ്രദർശനം പ്രവർത്തനം- ക്ലാസ് മുറിയിൽ റീഡിംഗ് ക്ലബ് രൂപീകരണം, പുസ്ത കങ്ങളെ തരംതിരിക്കൽ (കഥ, കവിത.........) പ്രദർശനം- 'ഞാൻ വായിക്കേണ്ട പുസ്തകം' കണ്ടെത്തൽ.

ജൂൺ-22: വായനാകാർഡുകളുടെ പ്രകാശനം പ്രവർത്തനം- ക്ലാസ " 1, 2 നു വേണ്ടി തയ്യാറാക്കിയ വായനാ കാർഡ " 3, 4 ക്ലാസുകളിലെ മികച്ച വായനക്കാർ പ്രകാശനം ചെയ്യുന്നു. സംവദിക്കുന്നു.

ജൂൺ-23: വായനയ്ക്ക് ഒരു മണിക്കൂർ 10.30 മുതൽ 11.30 വരെ (സ്കൂ ളിലെ മുഴുവൻ അംഗങ്ങളും) പ്രവർത്തനം- 21 ന്റെ പുസ്തക പ്രദർശനത്തിൽ ഓരോരുത്തരും വായിക്കാൻ കണ്ടെത്തിയ പുസ്തകം വായിക്കുന്നു.

ജൂൺ- 24: മികച്ച വായനക്കാരെ കണ്ടെത്തൽ
പ്രവർത്തനം- ക്ലാസ " 1, 2 ഒരു യൂണിറ്റായി പരിഗണിക്കാം.

ക്ലാസ് 3, 4 .. ക്ലാസ് 5, 6,, ക്ലാസ് 7, 8 .. ക്ലാസ് 9, 10 എന്നിങ്ങനെ ഓരോ യൂണി റ്റിനും വ്യത്യസ്തമായ വായനാരീതി നൽകാൻ ശ്രദ്ധിക്കുക.

(ഉദാ: ചങ്ങല വായന, വായിക്കാം പറയാം, വായിക്കാം വരയ്ക്കാം, വായിക്കാം എഴുതാം).

ജൂൺ - 27: സമാപനം - തുടക്കം പ്രവർത്തനം- മികച്ച വായനക്കാരെ അഭിനന്ദിക്കൽ
വായനാസംസ്കാരം നിലനിർത്താൻ പുതിയ പ്രവർത്തനങ്ങൾക്ക് തുടക്കം.

ഉദാ: 1) പിറന്നാളിനൊരു പുസ്തകം 2) വായനാനുഭവം പങ്കുവയ്ക്കൽ
3) അമ്മവായന 4) കൂട്ടവായന 5) മാസത്തിലൊരു എഴുത്തുകാരനൊപ്പം
6) ടീച്ചറിന്റെ വായന 7)........................

സ്കൂളിൽ നടക്കുന്ന വായനാപ്രവർത്തനങ്ങൾക്ക് സബ്ജില്ലയിൽ നിന്ന് ശരിയായ രീതിയിലുള്ള പിന്തുണ നൽകി മെച്ചപ്പെട്ട പ്രവർത്തനങ്ങളെ ഡോക്യുമെന്റ് ചെയ്ത് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതും വിദ്യാഭ്യാസ ഉപഡയറക്ടർ അവയെ ക്രോഡീകരിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ, സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ എന്നിവർക്ക് നൽകേ ണ്ടതുമാണ്. അവയിലെ മികച്ചവ എം.എച്ച്.ആർ.ഡി പ്രസിദ്ധീകരണത്തിന് അയയ്ക്കുന്നതാണ്. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും അതുവഴി കുട്ടികളിൽ വായനാശീലം പരിപോഷിപ്പിക്കാനുമുള്ള തുടർ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. എല്ലാ സ്കൂളുകളിലും വായനാവാരാഘോഷ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ടെന്നുള്ള കാര്യം വിദ്യാഭ്യാസ ആഫീസർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി,

പകർപ്പ്:-

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ എസ്.എസ്.എ,
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ആർ.എം.എസ്.എ,
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും,
എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും,
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും,
കരുതൽ ഫയൽ.

Endt no P3/1758/16/SSA dtd 16/06/2016

ന്യൂന സർക്കുലറിന്റെ പകർപ്പ് തുടർനടപടികൾക്കായി അയക്കുന്നു. ന്യൂന സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ നിർദ്ദേശിക്കുന്നു

17/6/16